# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *17

28/11/2018-ൽ മറുപടിക്ക്

### ഓൺലൈൻ മരുന്ന് വ്യാപാരം

**ചോദ്യം**

**ശ്രീ.സി. ദിവാകരൻ**
**,, ഇ.കെ.വിജയൻ**
**ശ്രീമതി ഇ.എസ്.ബിജിമോൾ**
**ശ്രീ.എൽദോ എബ്രഹാം**

**മറുപടി**

**കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

എ) ഓൺലൈൻ മരുന്ന് വ്യാപാരം അനുവദിക്കുന്നതിന് ഉദ്ദേശ്യമുണ്ടോ; വിശദമാക്കുമോ

ബി) ഓൺലൈൻ മരുന്ന് വ്യാപാരത്തിന്റെ ഗുണദോഷങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

സി) ഏതൊക്കെ തരത്തിലുള്ള മരുന്നുകളെയാണ് ഓൺലൈനായി വില്പന നടത്തുന്നതിൽ നിന്നും വിലക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

ഡി) ഓൺലൈൻ മരുന്നുകളുടെ പരിശോധനയ്ക്ക് എന്തെങ്കിലും സംവിധാനം ഉണ്ടോ എന്ന് വ്യക്തമാക്കുമോ?

എ) യും ബി) യും സി) യും ഡി) യും: രാജ്യത്ത് മരുന്ന് നിർമ്മാണവും വിതരണവും വില്പനയും നടത്തുന്നത് കേന്ദ്രനിയമമായ ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ട് & റൂൾസ് പ്രകാരമാണ്. ഇ-ഫാർമസി നിയമപരമാക്കുന്നതിന് 2018 ആഗസ്റ്റ് 28-ന് GSR 817(E) പ്രകാരം കേന്ദ്ര സർക്കാർ കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഡ്രഗ്സ് & കോസ്മെറ്റിക്സ് റൂൾസ് 1945 ഭേദഗതി ചെയ്ത് Part VI (B) ആയി "Sale of Drugs by e-Pharmacy" എന്ന തലക്കെട്ടോടുകൂടി ഓൺലൈൻ മരുന്നുവ്യാപാരം സംബന്ധിച്ചുള്ള നിയമനിർമ്മാണം സെൻട്രൽ ഡ്രഗ്സ് സ്റ്റാൻഡേർഡ് കൺട്രോൾ ഓർഗനൈസേഷന്റെ നേതൃത്വത്തിൽ നടന്നുവരികയാണ്. ഈ നിയമനിർമ്മാണ നടപടികൾ സംബന്ധിച്ച് സംസ്ഥാന സർക്കാരിന് മറ്റു വിവരങ്ങളൊന്നും ഔദ്യോഗികമായി ലഭ്യമല്ല.

സെക്ഷൻ ഓഫീസർ